**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2817** | **03-08-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നവ കേരള നിർമ്മാണത്തിന് ആക്കം കൂട്ടുന്നതിനായി ആവിഷ്കരിക്കുന്ന ഉന്നതവിദ്യാഭ്യാസ നയം സംബന്ധിച്ച് വിശദമാക്കാമോ; | (എ) | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത നയത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | മറുപടി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നടപടികളാണ് 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

1. **ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ**:- കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ 75% ആയെങ്കിലും ഉയർത്തണം. ഇതിനായി ഈ വർഷം കോളേജുകൾ 20,000 പേർക്ക് അധികം പഠന സൗകര്യം ഉണ്ടാകും. 10% സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ ഗവേഷണ സൗകര്യങ്ങൾ എന്നിവയിലൂടെയാണ് ഇത് നേടുക. ഇതിമൂലം ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള വിദ്യാർത്ഥികളുടെ എണ്ണം 20-22 ലക്ഷമായി ഉയർത്തണം.

**2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം:-** 1881 അദ്ധ്യാപക തസ്തികകൾ സർവ്വകലാശാലകളിൽ അനുവദിച്ചിട്ടുണ്ട്.

**3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ :-** സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭരായ വിദഗ്ധരെയോ പണ്ഡിതരെയോ സെർച്ച് കമ്മിറ്റി വഴി ദേശീയ തലത്തിൽ നിന്ന് തെരഞ്ഞെടുത്ത് ഈ സ്ഥാപനങ്ങളിൽ നിയമിക്കും. ഇതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സെന്ററുകളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽ നിന്ന് 500 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ** :- പ്രതിമാസം 50,000 രൂപ മുതൽ 1 ലക്ഷം രൂപ വരെ ഫെലോഷിപ്പുള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിച്ചിട്ടുണ്ട്.

**5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം:-** കിഫ്ബി ധനസഹായത്തോടെ സർവ്വകലാശാലകളുടെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതാണ്. ലാബുകൾ ക്ലാസ് മുറികൾ, സ്റ്റുഡൻസ്/ഫാക്കൽറ്റി ഹോസ്റ്റൽ ഇന്റർ നാഷണൽ ഹോസ്റ്റൽ എന്നിവയ്ക്കാണ് പണം അനുവദിക്കുക. മേജർ സർവ്വകലാശാലകൾക്ക് പരമാവധി 125 കോടി രൂപ വീതവും മറ്റുള്ളവയ്ക്ക് 75 കോടി രൂപ വീതവും കിഫ്ബിയിൽ നിന്ന് സഹായം അനുവദിക്കും.

**6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം:-** അഫിലിയേറ്റഡ് കോളേജുകളിലെ ക്ലാസ് റൂമുകൾ മുഴുവൻ ഡിജിറ്റലൈസ് ചെയ്യുന്നതിന് 150 കോടി രൂപ കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. സർക്കാർ കോളേജികൾക്ക് 594 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021-2022ൽ റൂസയിൽ നിന്ന് 144 കോടി രൂപ അഫിലിയേറ്റഡ് കോളേജുകൾക്ക് ലഭ്യമാകും. സർക്കാർ കോലേജുകളുടെ പശ്ചാത്തല സൗകര്യവികസനത്തിന് 56 കോടി രൂപയും നാക് അക്രഡിറേഷന് 28 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**